LIBRARY ARCHIVES Kerala Legislative Assembly

## അവയവദാനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ നടപടി

65 (4221) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരണാനന്തരം നേത്രദാനം പോലുള്ള മഹത്തരമായ കാര്യങ്ങൾക്ക് സമ്മതപത്രം നൽകുന്ന കേസ്സുകളിൽ, മരണശേഷം പ്രസ്തുത കാര്യങ്ങൾക്ക് ബന്ധപ്പെട്ടവരിൽനിന്നും വിമുഖത ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും അവയവദാനത്തിനുള്ള സമ്മതപത്രം മുൻകൂറായി വാങ്ങാനും മരണശേഷം ബന്ധുക്കൾ അറിയിക്കുന്ന മുറയ്ക്ക് അവയവങ്ങൾ മൃതശരീരത്തിൽനിന്നും എടുത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ നേത്രദാനത്തിന് സൗകര്യമുള്ള ആശുപത്രികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) മരണാനന്തരം നേത്രദാനംപോലുള്ള അവയവദാനങ്ങൾക്ക് വേണ്ട വിധം പ്രോത്സാഹനം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൊതുസ്ഥലംമാറ്റം

66 (4223) ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ പൊതുസ്ഥലം മാറ്റത്തിന് തയ്യാറാക്കിയിട്ടുള്ള ഉത്തരവുകൾ അല്ലാതെ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രത്യേക ഉത്തരവുകൾ നിലവിലുണ്ടോ ;

(ബി) എസ്. സി./എസ്. ടി., വികലാംഗർ, മിശ്ര വിവാഹിതർ, ജവാന്റെ ഭാര്യ, സ്വാതന്ത്ര്യസമര സേനാനിയുടെ ആശ്രിതർ (ഭാര്യ/മകൻ/മകൾ) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ ജോലിയിൽ പ്രവേശിച്ചതുമുതൽ വിരമിക്കുന്നതുവരെ പൊതുസ്ഥലം മാറ്റത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഒരു സ്റ്റേഷനിൽ എത്രവർഷംവരെ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് സ്ഥലംമാറ്റത്തിൽനിന്ന് സംരക്ഷണം നൽകിയിട്ടുണ്ട് ;

(ഡി) എത്ര ശതമാനംവരെ അംഗവൈകല്യമുള്ളവരെയാണ് വികലാംഗർക്കായുള്ള ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത് ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് സേവന ദൈർഘ്യം കണക്കാക്കുന്നതിൽ 50% വെയിറ്റേജ് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) എസ്.സി./എസ്.ടി., മിശ്രവിവാഹിതർ എന്നിവർക്ക് ഒരു സ്റ്റേഷനിൽ അഞ്ച് വർഷംവരെ സംരക്ഷണം നൽകിയിട്ടുണ്ട്.

(ഡി) 40 ശതമാനത്തിന് മുകളിൽ അംഗവൈകല്യം ഉള്ളവരെയാണ് പരിഗണിക്കുന്നത്.

ടെലി ഹെൽത്ത് ആന്റ് മെഡിക്കൽ എഡ്യൂക്കേഷൻ

67 (4224) ശ്രീ. പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. എസ്. ആർ. ഒ.-യുടെ സഹായത്തോടെ ടെലി ഹെൽത്ത് ആന്റ് മെഡിക്കൽ എഡ്യൂക്കേഷൻ എന്ന പ്രോജക്ട് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇത് സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2007 മാർച്ച് മാസത്തിലാണ് ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ ടെലി ഹെൽത്ത് ആന്റ് മെഡിക്കൽ എഡ്യൂക്കേഷൻ എന്ന പ്രോജക്ട് ഔദ്യോഗികമായി ആരംഭിച്ചത്. ഈ പദ്ധതി മുഖേന ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ്, മെഡിക്കൽ കോളേജുകൾ എന്നിവയെ ജില്ലാ ആശുപത്രികൾ, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ജനറൽ ആശുപത്രികൾ, അട്ടപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ കേന്ദ്രങ്ങളുമായി ഉപഗ്രഹംമുഖേന ബന്ധപ്പെടുത്തിയിരിക്കുന്നു. വിദഗ്ദ്ധ കേന്ദ്രങ്ങൾ തമ്മിലുള്ള പരസ്പര വിദഗ്ദ്ധ ഉപദേശങ്ങൾ തേടൽ, വിദഗ്ദ്ധ കേന്ദ്രങ്ങളിലേക്കുള്ള അന്വേഷണങ്ങൾ, സി. എം. ഇ., മെഡിക്കൽ ക്ലാസ്സുകൾ എന്നിവ ഈ പ്രോജക്ട്വഴി സാധ്യമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly